## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം

---

വിഷയം:- ആവഡ-ജീവനക്കാര്യം ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലെ സ്ഥലം മാറ്റവും, ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റവും,OA-157/2026 നം. കേസിൽ അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

പരാമർശം:- 1. ഈ കാര്യാലയത്തിലെ ആവഡ/17865/2025/ഇഇ4 നം.ഉത്തരവ്, തീയതി:03-01-2026,

2. 31-01-2026 തീയതിയിലെ ആവഡ/17865/2025/ ഇഇ4 നം.ഉത്തരവ്,

3. ശ്രീമതി.രാഖി.എ.ആർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA-157/2026 ാം നമ്പർ കേസിലെ 5/2/2026 തിയതിയിലെ ഉത്തരവ്

**ഉത്തരവ് നം: DHS/3004/2026-EE4തീയതി: 20-02-2026**

---

ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ ജീവനക്കാർക്ക് സ്ഥലം മാറ്റവും, ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റവും നൽകി പരാമർശം(1)പ്രകാരം ഉത്തരവായിരുന്നു. ജീവനക്കാരുടെ അപ്പീൽ പരിഗണിച്ച് പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി, ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചതിനെതിരെ ശ്രീമതി.രാഖി.എ.ആർ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തു. (അപേക്ഷകയുടെ അനുകമ്പാർഹമായ അപേക്ഷ പ്രസ്തുത ഉത്തരവ് തിയതി വരെ ഈ കാര്യാലയത്തിൽ ലഭ്യമായിരുന്നില്ല). പ്രസ്തുത കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ അപേക്ഷകയുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് ടിയാന് പരാമർശം(2) ഉത്തരവിൽ അനുവദിച്ച മലപ്പുറം ജില്ലയിലേക്കുള്ള സ്ഥാനക്കയറ്റം ഭേദഗതി വരുത്തി തിരുവനന്തപുരം ജില്ലയിലെ

പള്ളിച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിലെ ഒഴിവിൽ നിയമനം നൽകി ഉത്തരവാകുന്നു.

കൊല്ലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ നിന്നും **02-02-2026** പൂർവ്വാഹ്നത്തിൽ ശ്രീമതി.രാഖി.എ.ആർ നെ വിടുതൽ ചെയ്ത സാഹചര്യത്തിൽ സ്ഥാനക്കയറ്റ തസ്തികയിൽ ജീവനക്കാരി തിരുവനന്തപുരം പള്ളിച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ **23-02-2026** തീയതിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതിയുടെ തൊട്ടു മുൻപുള്ള ദിവസം വരെയുള്ള കാലയളവ് പ്രവേശന കാലാവധിയായി കണക്കാക്കിയും ഉത്തരവാകുന്നു. മേൽ ഭേദഗതികളോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

ശ്രീമതി.രാഖി.എ.ആർ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത നം. **OA-157/2026** കേസിൽ ഇപ്രകാരം കോടതി വിധി അനുപാലനം ചെയ്ത് ഉത്തരവാകുന്നു.

Digitally signed by
Shinu K S
Date: 20-02-2026
17:00:31

**അഡീഷണൽ ഡയറക്ടർ(എ&റ്റി)**

സ്വീകർത്താവ്:-

ശ്രീമതി.രാഖി.എ.ആർ, ഫാർമസിസ്റ്റ് ഗ്രേഡ് II

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ(കേരള), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ(ആ) മലപ്പുറം/തിരുവനന്തപുരം
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4. ഫയൽ /കരുതൽ ഫയൽ